REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 09-01-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **2-ാമത് വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിന് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും.**
- **ആഭ്യന്തര മന്ത്രി അമിത്ഷാ നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.**
- **സംസ്ഥാന ഗവൺമെന്റ് വനിതാ സംരംഭകർക്ക് മികച്ച പ്രോത്സാഹനമാണ് നൽകുന്നതെന്ന് മന്ത്രി P രാജീവ്.**
- **ആലപ്പുഴ ജില്ലയിലെ നാല് പഞ്ചായത്തിൽ കൂടി പക്ഷിപ്പനി സ്ഥിരീകരിച്ചു.**
- **ക്വാലാലംപൂരിൽ, മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ, ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ P.V സിന്ധു ഇന്ന് ജാപ്പനീസ് താരത്തെ നേരിടും.**

## വാർത്തകൾ വിശദമായി

2-ാമത് വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിന് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. ഉദ്ഘാടന ചടങ്ങിൽ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ പങ്കെടുക്കും.

രാജ്യത്ത് നിന്നും വിദേശത്ത് നിന്നുമായി 2,500 ഓളം പേർ നാലു ദിവസത്തെ പരിപാടിയിൽ പങ്കെടുക്കും. കേരളത്തെ പ്രതിനിധീകരിച്ച് 60-ഓളം യുവതി യുവാക്കൾ ഇതിന്റെ ഭാഗമാവും.

ഇന്ത്യയുടെ ഭാവി സുരക്ഷിതവും സമൃദ്ധവുമാക്കാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. തിങ്കളാഴ്ച സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

ബഹിരാകാശ യാത്രികരായ ശുഭാംശു ശുക്ലയും, പ്രശാന്ത് നായരും യുവാക്കളുമായി സംവദിക്കുമെന്നും ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ, ഹർമൻ പ്രീത് കൗർ സംവാദത്തിൽ പങ്കെടുക്കുമെന്നും കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു.

✪✪✪

2026-ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി ഡൽഹി സ്കൂൾ ഓഫ് എക്കണോമിക്സിലെ കുട്ടികളുമായി ധനമന്ത്രി നിർമല സീതാരാമൻ സംവദിച്ചു. കഴിവ് ത്വരിതപ്പെടുത്തൽ, ഹരിതോർജ്ജം, ഗ്രാമ വികസന പ്രവർത്തനങ്ങൾ, നൂതന ധനകാര്യ ആശയങ്ങൾ തുടങ്ങി ഒട്ടേറെ വിഷയങ്ങളിൽ കുട്ടികളുമായി സംവദിച്ചതായി കേന്ദ്രമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

2025-ലെ അതിവിശിഷ്ട റെയിൽ സേവാ പുരസ്കാരം 100 റെയിൽവേ ഉദ്യോഗസ്ഥർക്ക് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച പ്രകടനം കാഴ്ചവെച്ച റെയിൽവേ സോണുകൾക്ക് 26 ഷീൽഡുകളും നൽകും. റെയിൽവേയ്ക്ക് നൽകിയ മികച്ച സേവനത്തിനും സംഭാവനകൾക്കും ആദരസൂചകമായാണ് അവാർഡുകൾ നൽകുന്നത്.

മഹാകുംഭ മേള പോലെ വലിയ പരിപാടികളിൽ സുരക്ഷിതവും സുഗമവുമായ പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ നിർണായക പങ്ക് വഹിച്ച ഉദ്യോഗസ്ഥർക്ക് 26 ഷീൽഡുകൾ നൽകുമെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു.

✪✪✪

ആഭ്യന്തര മന്ത്രി അമിത്ഷാ നാളെ രാത്രി കേരളത്തിലെത്തും. മറ്റന്നാൾ തിരുവനന്തപുരത്ത് BJP യോഗങ്ങളിലും കേരള കൗമുദി സംഘടിപ്പിക്കുന്ന കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുക, 'ബാക്ക് ബെഞ്ചേഴ്സ്' ഇല്ലാത്ത പഠന അന്തരീക്ഷം സൃഷ്ടിക്കുക എന്നീ സുപ്രധാന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, കരട് റിപ്പോർട്ടിന് അംഗീകാരം നൽകിയതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ഈ നിർദ്ദേശങ്ങളെക്കുറിച്ച് വിശദമായി പഠിക്കാൻ നേരത്തെ SCERT യെ ചുമതലപ്പെടുത്തിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഇന്നലെ ചേർന്ന സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, വിശദമായി ചർച്ച ചെയ്യുകയും കരട് റിപ്പോർട്ടിന് അംഗീകാരം നൽകുകയും ചെയ്തു. റിപ്പോർട്ട് SCERT വെബ്സൈറ്റിൽ ലഭ്യമാക്കും. അധ്യാപകർക്കും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇത് സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ജനുവരി 20 വരെ അറിയിക്കാം.

✪✪✪

സജീവ ഭരണ നിർവഹണവും, സമയബന്ധിത നടപ്പാക്കലും എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച ഫ്ലാഗ്ഷിപ് പദ്ധതി - 'പ്രഗതി' 50 യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ച് നിർണായക നാഴികക്കല്ല് പിന്നിട്ടു. 2015 ൽ നരേന്ദ്ര മോദി ആരംഭിച്ച പ്രഗതി, രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. ആകാശവാണി തയ്യാറാക്കിയ ഇന്നത്തെ പ്രത്യേക പരമ്പര വൈദ്യുതി മേഖലയിലെ പദ്ധതികളെ കുറിച്ചാണ്.

.........വോയ്സ്..........

പ്രഗതി ആവാസ വ്യവസ്ഥയ്ക്ക് കീഴിൽ 10.53 ലക്ഷം കോടി രൂപയുടെ 237 വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു. പ്രധാനമന്ത്രി തലത്തിൽ 4.12 ലക്ഷം കോടി രൂപയുടെ 53 വൈദ്യുത പദ്ധതികൾ ആവിഷ്കരിച്ചു. ഇതിൽ 27 ട്രാൻസ്മിഷൻ, 14 തെർമൽ പദ്ധതികൾ, 9 ജലവൈദ്യുത പദ്ധതികൾ, 3 കൽക്കരി ഖനി പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു. 43 പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തു. ബാക്കി കമ്മീഷൻ ചെയ്യുന്ന ഘട്ടത്തിലാണ്.

മധ്യപ്രദേശിലെ ഗദർവാരാ സൂപ്പർ തെർമൽ പവർ പ്രോജക്ട്, ഖേത്രി നരേല ട്രാൻസ്മിഷൻ പ്രോജക്ട്, എന്നിവയാണ് പ്രഗതിയുടെ കീഴിൽ വേഗത്തിൽ നടപ്പാക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ. പ്രഗതിയുടെ നേതൃത്വത്തിലെ നീരക്ഷണം വിവിധ വകുപ്പുകളിലെ കാലതാമസം കുറയ്ക്കുന്നതിനും പദ്ധതികൾ ഗണ്യമായി മെച്ചപ്പെടുത്തുന്നതിനും സഹായിച്ചു.

മുടങ്ങിക്കിടന്ന നിരവധി വൈദ്യുതി ഉത്പാദന പ്രസരണ പദ്ധതികൾ പ്രഗതിയുടെ ഇടപെടലിലൂടെ കമ്മീഷൻ ചെയ്തു.

✪✪✪

സംസ്ഥാന ഗവൺമെന്റ് വനിതാ സംരംഭകർക്ക് മികച്ച പ്രോത്സാഹനമാണ് നൽകുന്നതെന്ന് മന്ത്രി P രാജീവ് പറഞ്ഞു. സംസ്ഥാനത്തെ ആദ്യ വനിതാ വ്യവസായ പാർക്കായ ലെഗസി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ശിലാ ഫലകം പാലക്കാട്ട് അനാച്ഛാദനം ചെയ്യുകയായിരുന്നു മന്ത്രി.

ഉദ്യം പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത സംരംഭകരിൽ 42 ശതമാനം വനിതകളാണ് എന്ന പ്രത്യേകത കേരളത്തിനുണ്ട്. സംസ്ഥാനത്തെ ആദ്യ സ്വകാര്യ വനിതാ വ്യവസായ പാർക്ക് ആണ് ലെഗസി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നത് അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ കാറ്ററിങ് സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ 80 കോടി 14 ലക്ഷം രൂപയുടെ വിറ്റുവരവ് വെട്ടിപ്പു കണ്ടെത്തി.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

....വോയ്സ്.....

സംസ്ഥാനത്ത് 62 ഇടങ്ങളിലായി നടത്തിയ പരിശോധനയിലാണ് കാറ്ററിങ് സ്ഥാപനങ്ങളിലെ 4.42 കോടി രൂപയുടെ ജിഎസ്ടി വെട്ടിപ്പു കണ്ടെത്തിയത്. 80.14 കോടി രൂപയുടെ വിറ്റുവരവ് ഒളിപ്പിച്ചതായാണ് ഈ പരിശോധനകളിൽ വ്യക്തമായത്.  ഇവർക്ക് നോട്ടീസ് നൽകി തുടർ നടപടികളിലേക്കു കടക്കും. ഇതിനകം 1.25 കോടി രൂപയുടെ പിഴ ചുമത്തിയിട്ടുണ്ട്. ഒരു വർഷം ഇരുപതു ലക്ഷം രൂപയുടെ വിറ്റുവരവുള്ള ഭക്ഷണ വിതരണ സ്ഥാപനങ്ങൾ, കാറ്ററിങ് സ്ഥാപനങ്ങൾ, ഹോട്ടലുകൾ എന്നിവ ജിഎസ്ടി രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്ന് ജിഎസ്ടി അധികൃതർ വ്യക്തമാക്കി.

✪✪✪

2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഇലക്ട്രോണിക് വോട്ടിങ്ങ് മെഷീനുകളുടെയും, VVപാറ്റുകളുടെയും ഒന്നാം ഘട്ട പരിശോധന, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷകനായ, സുരേഷ് ചന്ദ്ര കണ്ണൂരിൽ വിലയിരുത്തി. കണ്ണൂർ  EVM വെയർ ഹൗസിൽ എത്തി മെഷീനുകളുടെ വൃത്തിയാക്കൽ മുതൽ ഓരോ ഘട്ടങ്ങളും പരിശോധിച്ച് വിലയിരുത്തി. രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെയും കണ്ട ശേഷമാണ് നിരീക്ഷകൻ മടങ്ങിയത്.

✪✪✪

ആലപ്പുഴ ജില്ലയിലെ നാല് പഞ്ചായത്തിൽ കൂടി പക്ഷിപ്പനി സ്ഥിരീകരിച്ചു.

ആലപ്പുഴയിൽ നിന്ന് R രവികുമാർ....

.......വോയ്സ് .....

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ നോർത്ത്, അമ്പലപ്പുഴ സൗത്ത്, കരുവാറ്റ, പള്ളിപ്പാട് എന്നീ പഞ്ചായത്തുകളിൽ പക്ഷിപ്പനി (H5N1) സ്ഥിരീകരിച്ചു.

പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി പ്രഭവകേന്ദ്രങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ഉള്ള എല്ലാ വളർത്തു പക്ഷികളെയും ശാസ്ത്രീയമായി കൊന്ന് നശിപ്പിക്കുന്ന (കള്ളിങ്ങ്) പ്രവർത്തനങ്ങൾ 09.01.2026, 10.01.2026 എന്നീ ദിവസങ്ങളിൽ നടത്തപ്പെടും. 09.01.2026 ൽ അമ്പലപ്പുഴ നോർത്ത്, അമ്പലപ്പുഴ സൗത്ത് എന്നീ പഞ്ചായത്തുകളിലും 10.01.2026 ൽ കരുവാറ്റ, പള്ളിപ്പാട് എന്നീ പഞ്ചായത്തുകളിലും കള്ളിങ്ങ് പ്രവർത്തനങ്ങൾ നടത്തും. അമ്പലപ്പുഴ നോർത്ത് പഞ്ചായത്തിൽ 3544 വളർത്തു പക്ഷികളും, അമ്പലപ്പുഴ സൗത്ത് പഞ്ചായത്തിൽ 150 വളർത്തു പക്ഷികളും, കരുവാറ്റ പഞ്ചായത്തിൽ 6633 വളർത്തു പക്ഷികളും, പള്ളിപ്പാട് പഞ്ചായത്തിൽ 3458 വളർത്തു പക്ഷികളും ഉൾപ്പെടെ ഏകദേശം 13785 വളർത്തു പക്ഷികളെയാണ് കൊന്നു നശിപ്പിക്കേണ്ടത്.

പ്രഭവ കേന്ദ്രങ്ങൾക്ക് 10 കിലോമീറ്റർ ചുറ്റളവിൽ ഉള്ള സർവൈലൻസ് സോണിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ താറാവ്, കോഴി, കാട, മറ്റു വളർത്തു പക്ഷികൾ, അവയുടെ മുട്ട, ഇറച്ചി, കാഷ്ഠം (വളം), ഫ്രോസൺ മീറ്റ്, മറ്റു ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗവും വിപണനവും കടത്തലും ജനുവരി 8 മുതൽ ഒരാഴ്ചത്തേക്ക് ജില്ലാ കളക്ടർ നിരോധിച്ചിട്ടുണ്ട്

✪✪✪

ആധാറിന്റെ ഔദ്യോഗിക ലോഗോ, UIDAI ചെയർമാൻ നീലകണ്ഠ മിശ്ര തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു.

'ഉദയ്' എന്ന പേരിലെ ലോഗോ, തൃശ്ശൂർ സ്വദേശി അരുൺ ഗോകുലാണ് ഡിസൈൻ ചെയ്തത്. 875 മത്സരാർഥികളിൽ നിന്നാണ് അരുണിനെ വിജയിയായി തിരഞ്ഞെടുത്തത്. റിയ ജെയിൻ ആണ് 'ഉദയ്' എന്ന പേര് നൽകിയത്.

✪✪✪

കാസർകോട് കാഞ്ഞങ്ങാട് നെഹ്റു ആർട്സ് & സയൻസ് കോളജിൽ ആറ് ദിവസമായി നടക്കുന്ന ക്വാണ്ടം സയൻസ് എക്സിബിഷൻ, വൈകിട്ട് സമാപിക്കും. ഒരു നൂറ്റാണ്ട്, ലോകത്തെയും പ്രപഞ്ച വിജ്ഞാനത്തെയും മാറ്റി മറിച്ച ക്വാണ്ടം സയൻസ്, വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എക്സിബിഷൻ സംഘടിപ്പിച്ചത്.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ....

....വോയ്സ്.....

✪✪✪

ക്വാലാലംപൂരിൽ, മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ, ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ P.V സിന്ധു ഇന്ന് ജാപ്പനീസ് താരത്തെ നേരിടും. പുരുഷ ഡബിൾസിൽ, ഇന്ത്യയുടെ സാത്വിക് സായിരാജ് റങ്കി റെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം, ക്വാർട്ടർ ഫൈനലിൽ ഇന്ന്, ഇന്തോനേഷ്യയെ നേരിടും.

പുരുഷ സിംഗിൾസ് വിഭാഗത്തിൽ പ്രീക്വാർട്ടർ മത്സരങ്ങളിൽ പരാജയപ്പെട്ട ലക്ഷ്യ സെന്നും ആയുഷ് ഷെട്ടിയും ടൂർണമെന്റിൽ നിന്ന് പുറത്തായി

✪✪✪

കേരള സംഗീത നാടക അക്കാദമി ഈ മാസം 25 മുതൽ  ഫെബ്രുവരി ഒന്ന് വരെ സംഘടിപ്പിക്കുന്ന ഇറ്റ്ഫോക്ക് - 26 ന്റെ തീം ലോഗോ, പ്രകാശനം ചെയ്തു. അക്കാദമിയിൽ നടന്ന ചടങ്ങിൽ, ആർട്ടിസ്റ്റ് സുജാതനാണ് ഇറ്റ്ഫോക്ക്, തീം ലോഗോ പ്രകാശനം ചെയ്തത്.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്...

........വോയ്സ്.........

ഈ നിശബ്ദതയിലെ ശബ്ദങ്ങൾ എന്നതാണ് ഈ വർഷത്തെ ഇറ്റ്ഫോക്ക് പ്രമേയം. തൃശ്ശൂർ ആഡ്സ് ക്രിയേഷൻസാണ് ലോഗോ ഡിസൈൻ ചെയ്തത്. ലോഗോ പ്രകാശനം നടന്ന ചടങ്ങിൽ അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി, അക്കാദമി അഡ്മിനിസ്ട്രീറ്റീവ് ഓഫീസർ എം.ബി ശുഭ, പ്രോഗ്രാം ഓഫീസർ വി.കെ അനിൽകുമാർ, അക്കാദമി ജീവനക്കാർ  എന്നിവർ പങ്കെടുത്തു.

ഈ നിശബ്ദതയിലെ ശബ്ദങ്ങൾ എന്ന  പ്രമേയത്തെ അടിസ്ഥാനമാക്കി എട്ട് വിദേശരാജ്യങ്ങളിൽ നിന്നുള്ള  ഒൻപത് ലോകനാടകങ്ങളാണ് ഇറ്റ്ഫോക്കിൽ എത്തുന്നത് .നിശബ്ദമാക്കപ്പെട്ടവരുടെ ശബ്ദമാണ് ലോകത്തെവിടെയും കലയിലൂടെയും ആവിഷ്കാരങ്ങളിലൂടെയും പ്രതിധ്വനിക്കുന്നത്. .ഇത്തവണത്തെ ഇറ്റ്ഫോക്കിൽ ഒൻപത് വിദേശ നാടകങ്ങൾ അടക്കം 23 നാടകങ്ങളാണ് ആകെ അരങ്ങേറുന്നത്.

ഈ നിശബ്ദതയിലെ  ശബ്ദധ്വനികളായി ഇറ്റ്ഫോക്ക് അരങ്ങുകൾ ജനുവരി 25 മുതൽ  ഉണരുകയാണ്

✪✪✪

കേന്ദ്ര ഗവൺമെന്റ് സർവീസിൽ ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയ കേസിൽ മുൻ കോസ്റ്റൽ ഗാർഡ് ഓഫീസറുടെ മലപ്പുറത്തെ വാടക വീട്ടിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പരിശോധന നടത്തി. കോസ്റ്റൽ ഗാർഡിൽ നിന്ന്  സ്വയം വിരമിച്ച പത്തനംതിട്ട സ്വദേശി സുനിൽ കുമാറിന്റെ കോഡൂർ

ചെമ്മങ്കടവ് മൈലാഞ്ചി ഓഡിറ്റോറിയത്തിനു സമീപത്തെ ക്വാർട്ടേഴ്സിലാണ് ഇന്നലെ ED പരിശോധന നടത്തിയത്.

രാവിലെ ആരംഭിച്ച പരിശോധന വൈകിട്ടു വരെ തുടർന്നു. ഇയാളുടെ പത്തനംതിട്ടയിലെ വീട്ടിലും പരിശോധനയുണ്ടായി.

✪✪✪

*News Editor  പി ചന്ദ്രബാബു*
*News Reader  :  അനുഷ ആത്മപ്രകാശ്*
*NRTs:  അനുഷ ആത്മപ്രകാശ്, മണികണ്ഠൻ*
*DEO : സി കെ സുബോധ്*